**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 577** **10-02-2025 - ൽ മറുപടിയ്ക്ക്**

**കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ ? | (എ) | **കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.**<br><br>**<u>2024-25 സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ച പദ്ധതികൾ</u>**<br><br>**1. 18 കോടി രൂപ മുതൽ മുടക്കുള്ള ഇന്ത്യയിലെ ആദ്യ സൂപ്പർകപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രത്തിന്റെ ഒന്നാം ഘട്ട പൂർത്തീകരണ ഉദ്ഘാടനം 2024 ഒക്ടോബർ 1 ന് നടന്നു.**<br><br>**<u>2024-25- ൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ</u>**<br><br>1. 2 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന KVAR കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം.<br>2. 1.5 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന MPP Motor Start കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രം.<br>3. 1 കോടി രൂപ മുതൽ മുടക്കി നവീകരിക്കുന്ന റസിസ്റ്റേഴ്സ് ഉൽപ്പാദന കേന്ദ്രം.<br>4. സൂപ്പർ കപ്പാസിറ്റർ ഉൽപ്പാദന കേന്ദ്രവുമായി ബന്ധപ്പെട്ട തുടർ വികസന പ്രവർത്തനങ്ങൾ.<br>5. ഇലക്ട്രോലൈറ്റിക് കപ്പാസിറ്റർ ഉല്പാദന കേന്ദ്ര വികസന പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ